**വിവരാവകാശം / മറുപടി**

നമ്പർ: E4-4223/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 28.03.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. എ.വി.ബിജുമോൻ,
ആശാരി പറമ്പിൽ,
രാമങ്കരി.പി.ഒ,
മാമ്പുഴക്കരി
ആലപ്പുഴ ജില്ല-689595.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 21.3.18ലെ അപേക്ഷ.

സൂചനയിലെ വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷയിൻമേലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടേയും സുരക്ഷയും താമസക്കാരായ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും പൂർണ്ണമായി ഉറപ്പാക്കുക എന്നുള്ളതാണ് ചിൽഡ്രൻസ് ഹോമുകളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാരുടെ ചുമതലയും ഉത്തരവാദിത്വവും.
2. നൈറ്റ് വാച്ച്മാൻ തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം വൈകിട്ട് 5 മണി മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയാണ്.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18



FCD 31/3/18